"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്ത് മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. വിക്ടർരാജ്, ക്ലർക്ക് ശ്രീ ഗ്ലാഡിസ് എന്നിവർക്കെതിരെ IPC സെക്ഷൻ 463, 465, 466, 471, 474 r/w 34 പ്രകാരം കൊഴിഞ്ഞമ്പാറ പോലീസ് സ്റ്റേഷനിൽ ഫയൽ ചെയ്ത 229/2019 ക്രിമിനൽ കേസിൽ സി.ആർ.പി.സി- 197 പ്രകാരം വിചാരണാനുമതി നൽകി - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(കൈ) നം.39/2025/LSGD തീയതി,തിരുവനന്തപുരം, 23-02-2025

---

പരാമർശം:-

1. 01/07/2024 തീയതിയിലെ സംസ്ഥാന പോലീസ് മേധാവിയുടെ D3-112964/2024/PHQ നമ്പർ കത്ത്.
2. 06-12-2024 ലെ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/34923/2024-VIGC6 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിൽ സേവനത്തിലിരിക്കെ "ക്രൈസ്റ്റ് ദി കിംഗ് ചർച്ച്" എന്ന പേരിലുള്ള ഓഡിറ്റോറിയത്തിലേക്ക് ആവശ്യമായ വൈദ്യുതി കണക്ഷനുവേണ്ടി ഉടമസ്ഥാവകാശത്തിന്റെ വ്യാജ സർട്ടിഫിക്കറ്റ് തയ്യാറാക്കി കെ.എസ്.ഇ.ബി-ക്ക് മുന്നിൽ ഹാജരാക്കി നിയമ ലംഘനം നടത്തിയെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ, സേവനത്തിൽ നിന്ന് വിരമിച്ച മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. വിക്ടർരാജ്, ക്ലർക്ക് ശ്രീ.ഗ്ലാഡിസ് എന്നിവർക്കെതിരെ IPC സെക്ഷൻ 463, 465, 466, 471, 474 r/w 34 പ്രകാരം കൊഴിഞ്ഞമ്പാറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള CR. 229/2019 നമ്പർ ക്രിമിനൽ കേസിന്മേലുള്ള അന്വേഷണത്തിന്റെ ഭാഗമായി ടിയാളുകളെ വിചാരണ ചെയ്യുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവി പരാമർശം(1) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. ശ്രീ.ജോൺ പീറ്റർ എന്നയാൾ 14.03.2019 തീയതിയിൽ വടകരപ്പതി ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ച എ2/1983 നമ്പർ പരാതി പ്രകാരം അന്വേഷണം നടത്തിയതിൽ, ടി പരാതിയോടൊപ്പം ഹാജരാക്കിയ സർട്ടിഫിക്കറ്റ് നമ്പർ ബി3/5499 തീയതി 03.05.2018 (കെട്ടിട നമ്പർ 2/171/A) എന്ന ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് പ്രകാരമുള്ള കെട്ടിടം പഞ്ചായത്ത് രേഖകൾ പ്രകാരം നിലവിലില്ലായെന്ന് കണ്ടെത്തിയതായും, ആയതിന്റെ അടിസ്ഥാനത്തിൽ ടി വ്യാജ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുള്ള പാരിഷ് പ്രീസ്റ്റ്, സൊറപ്പാറ എന്നയാളുടെ ഉടമസ്ഥതയിലുള്ള ഒരു പഴയ മണ്ഡപത്തിന്റെ ("ക്രൈസ്റ്റ് ദി കിംഗ് ചർച്ച്" എന്ന ഓഡിറ്റോറിയത്തിന്റെ ) വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിന് KSEB അസി.എഞ്ചിനിയർക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും കത്ത് നൽകുകയും ആയത് പ്രകാരം ടി കെട്ടിടത്തിന്റെ വൈദ്യുതി കണക്ഷൻ റദ്ദ് ചെയ്തിട്ടുള്ളതുമാണ്. "ക്രൈസ്റ്റ് ദി കിംഗ് ചർച്ച്" എന്ന പേരിലുള്ള ഓഡിറ്റോറിയത്തിലേക്ക്

വൈദ്യുതി കണക്ഷനുവേണ്ടി ഉടമസ്ഥാവകാശത്തിന്റെ വ്യാജ സർട്ടിഫിക്കറ്റ് തയ്യാറാക്കി നൽകിയ വിഷയത്തിൽ മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. വിക്ടർ രാജ്, ക്ലാർക്ക് ശ്രീ. ഗ്ലാഡിസ് എന്നിവർക്കെതിരായ കുറ്റങ്ങൾ നിലനിൽക്കുന്നുവെന്ന് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3. അന്വേഷണ റിപ്പോർട്ട് പ്രകാരം ഒന്നു മുതൽ മൂന്നു കൂടിയ പ്രതികൾ ഒത്തൊരുമിച്ചും കൂട്ടായും കുറ്റം ചെയ്യണമെന്ന ഉദ്ദേശത്തോടും കരുതലോടും പാലക്കാട് ജില്ലാ വടകരപ്പതി ഗ്രാമ പഞ്ചായത്ത് കോഴിപ്പാറ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന പാരിഷ് പ്രീസ്റ്റ് ദി ക്രൈസ്റ്റ് ദി കിംങ്ങ് ചർച്ച് വികാരിയായി പ്രവർത്തിക്കുന്ന ഒന്നാം പ്രതി വികാരിയായിട്ടുള്ള പള്ളി കോമ്പൗണ്ടിൽ അനധികൃതമായി നിർമ്മിച്ച ഓഡിറ്റോറിയത്തിന് കെ. എസ്.ഇ.ബി. യിൽ നിന്നും വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് 1 -ാം പ്രതി, വടകരപ്പതി ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് 3-ാം പ്രതിയും സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന 2-ാം പ്രതിയുമായി ചേർന്ന് വേലന്താവളം ഇലക്ട്രിസിറ്റി ഓഫീസിൽ സമർപ്പിക്കുന്നതിന് 3-ാം പ്രതി എഴുതി തയ്യാറാക്കിയതും 2 -ാം പ്രതി ഒപ്പുവെച്ചതുമായ ബിൽഡിങ്ങ് നമ്പർ 2/171/A എന്ന നമ്പർ ഇട്ട വ്യാജ ഓണർഷിപ്പ് സർട്ടിഫിക്കറ്റ് 03.05.2018 തിയതി തയ്യാറാക്കി ഒന്നാം പ്രതിക്ക് നൽകി ഒന്നാംപ്രതി പാലക്കാട് സുൽത്താൻപേട്ട ഡയോസിസ് സൊസൈറ്റി പ്രസിഡൻറ് അല്ലാതിരിക്കെ പ്രസിഡന്റാണെന്ന രീതിയിൽ 100/- രൂപ വിലയുള്ള സ്റ്റാമ്പ് പേപ്പർ വാങ്ങി ആയതിൽ ഇന്റമ്നിറ്റി ബോണ്ട് തയ്യാറാക്കി അപേക്ഷയോടൊപ്പം വേലന്താവളം ഇലക്ട്രിക്ക് സെക്ഷൻ ഓഫീസിൽ സമർപ്പിച്ച് വൈദ്യുതി കണക്ഷൻ കരസ്ഥമാക്കിയിരിക്കയാൽ 1 മുതൽ 3 കൂടിയ പ്രതികൾ മേൽ വകുപ്പ പ്രകാരം കുറ്റം ചെയ്തിരിക്കുന്നു എന്ന് അന്വേഷണ റിപ്പോർട്ടിൽ വെളിവായിട്ടുള്ളതാണ്.

4. രണ്ടാം പ്രതിക്കും മൂന്നാം പ്രതിക്കും എതിരായ കേസിൽ സിആർപിസി 197 പ്രകാരമുള്ള ഉപരോധം മുൻവ്യവസ്ഥയാണ്. സർക്കാരിന്റെ അനുമതിയോടെയല്ലാതെ ഓഫീസിൽ നിന്നും നീക്കം ചെയ്യാൻ കഴിയാത്ത ഒരു പൊതുസേവകനെ (public servant), തന്റെ ഔദ്യോഗിക കർത്തവ്യം നിർവ്വഹിച്ച കൊണ്ടിരിക്കുകയോ, കർത്തവ്യം നിർവ്വഹിച്ച കൊണ്ടിരിക്കുന്നതായി കരുതപ്പെടുകയോ ചെയ്യുമ്പോൾ അയാൾ ചെയ്തതായി ആരോപിക്കപ്പെടുന്ന കുറ്റത്തിന് സർക്കാരിന്റെ അനുമതി കൂടാതെ യാതൊരു കോടതിയും cognizance എടുക്കുവാൻ പാട്ടുള്ളതല്ലായെന്ന് ക്രിമിനൽ നടപടി നിയമ സംഹിത വകുപ്പ് 197 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

5. വൈദ്യുതി കണക്ഷനുവേണ്ടി ഉടമസ്ഥാവകാശത്തിന്റെ വ്യാജ സർട്ടിഫിക്കറ്റ് തയ്യാറാക്കി കെഎസ്ഇബിക്ക് മുന്നിൽ ഹാജരാക്കി നിയമലംഘനം നടത്തിയെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ, IPC സെക്ഷൻ 463, 465, 466, 471, 474 r/w 34 പ്രകാരം കൊഴിഞ്ഞമ്പാറ പോലീസ് സ്റ്റേഷനിൽ ഫയൽ ചെയ്ത 229/2019 നമ്പർ ക്രിമിനൽ കേസിന്മേലുള്ള അന്വേഷണ

റിപ്പോർട്ട് കണക്കിലെടുത്ത് ആരോപണ വിധേയരായ സേവനത്തിൽ നിന്ന് വിരമിച്ച മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ.വിക്ടർ രാജ്, ക്ലർക്ക് ശ്രീ. ഗ്ലാഡിസ് എന്നിവരെ സി.ആർ.പി.സി- 197 പ്രകാരം വിചാരണ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

1. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
4. ആഭ്യന്തര (ജെ) വകുപ്പ് [J2/450/2024-HOME]
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി.